# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2676 — 14/02/2013-ൽ മറുപടിയ്ക്ക്

### ജലനയം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി. | ശ്രീ.പി .ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ) 2012 -ൽ കേരളത്തിൽ എത്ര ശതമാനം മഴയുടെ കുറവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | എ) **അനുബന്ധമായി ചേർത്തിരിക്കുന്നു.** |
| ബി) മുടങ്ങിക്കിടക്കുന്ന ജല സ്രോതസ്സുകൾ പുനരുദ്ധരിക്കുന്നതിന് സർക്കാർ എടുത്ത നടപടികൾ വിശദമാക്കുമോ; | ബി) ജലസ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും വർദ്ധിച്ചു വരുന്ന ജലദൗർലഭ്യം ശാശ്വതമായി പരിഹരിക്കുന്നതിനും സംസ്ഥാനത്തെ കുളങ്ങളുടെയും ടാങ്കുകളുടെയും അറ്റകുറ്റ പണികൾ നടത്തുകയും ഇവയിലെ എക്കൽ നീക്കം ചെയ്ത് ജലസംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവൃത്തികൾ ജലസേചന വകുപ്പ് നടപ്പിലാക്കി വരുന്നു. റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നദികളുടെ സംരക്ഷണം ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. |
| സി) കൊടിയ വരൾച്ചയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന് സമഗ്രമായൊരു ജലനയം നടപ്പാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ? | സി) ജലവിഭവത്തിന്റെ ആസൂത്രിതമായ വിനിയോഗത്തിനും പരിപാലനത്തിനുമായി സംയോജിതമായ പ്രവർത്തനങ്ങൾ ലക്ഷ്യമിട്ട് 2008-ൽ സംസ്ഥാന സർക്കാർ ജലനയം രൂപീകരിച്ചിട്ടുണ്ട്. ജലസേചന പദ്ധതികളുടെ നിർവ്വഹണത്തിൽ കൃത്യമായ അവലോകനവും പ്രക്രിയകകളുടെ രേഖപ്പെടുത്തലും ഒരു അവിഭാജ്യഘടകമാക്കി പദ്ധതികളുടെ സമയ ബന്ധിതമായ പൂർത്തീകരണവും അവയുടെ പ്രയോജനക്ഷമതയും ഉറപ്പാക്കുന്നുണ്ട്. പ്രസ്തുത ജലനയത്തിന്റെ അടിസ്ഥാനത്തിൽ ജലസേചനപദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാനും അവയുടെ വിവിധ ഉപയോഗങ്ങൾ ഉറപ്പുവരുത്തുവാനും ശ്രമിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ